ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:11.04.2024

## പ്രധാനവാർത്തകൾ

1. **മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ. നാമനിർദ്ദേശ പത്രിക സമർപ്പിക്കൽ 19 വരെ. വോട്ടെടുപ്പ് മേയ് ഏഴിന്.**

2. **പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഉത്തരാഖണ്ഡിലും രാജസ്ഥാനിലും ഇന്ന് തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയുടെ പ്രചാരണം രാജസ്ഥാനിൽ.**

3. **സംസ്ഥാനത്ത് മൂന്ന് മുന്നണികളുടെയും പ്രചാരണ പരിപാടികൾ കൂടുതൽ ശക്തം. വോട്ടെടുപ്പ് ഈ മാസം 26-ന്.**

4. **പരിപ്പിന്റെയും പയറുവർഗങ്ങളുടെയും പ്രതിവാര ശേഖരം പരിശോധിക്കണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി കേന്ദ്രം.**

5. **മാതൃ ആരോഗ്യ സംരക്ഷണത്തിൽ തുല്യത, ഒരമ്മയും തഴയപ്പെടരുത് എന്ന സന്ദേശവുമായി ഇന്ന് ദേശീയ സുരക്ഷിത മാതൃത്വ ദിനം.**

6. **ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.**

RNU TVPM

****************************************

**മൂന്നാം ഘട്ട തിരഞ്ഞെടുപ്പ് വിജ്ഞാപനം**

മൂന്നാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 ലോക്സഭാ സീറ്റുകളിലേക്കാണ് ഈ ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഗുജറാത്തിലെ 26 ഉം , കർണാടകയിലെ 14 ഉം, മഹാരാഷ്ട്രയിലെ 11 ഉം, ഉത്തർപ്രദേശിലെ 10 ഉം, മധ്യപ്രദേശിലെ എട്ട് ഉം, ഛത്തീസ്ഗഢിലെ ഏഴ് ഉം, ബിഹാറിലെ അഞ്ച് ഉം, അസമിലേയും പശ്ചിമ ബംഗാളിലേയും നാല് വീതം സീറ്റുകളിലേക്കും. ഗോവ- ദാദ്ര നഗർ ഹവേലി, ദാമൻ ദിയു എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ രണ്ട് സീറ്റുകളിലേക്കും ജമ്മു കശ്മീരിലെ ഒരു സീറ്റിലും ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. ഈ മാസം 19 വരെ നാമനിർദേശപത്രിക സമർപ്പിക്കാം. മൂന്നാം ഘട്ട വോട്ടെടുപ്പ് മെയ് ഏഴിന് നടക്കും.

****************************************

RNU TVPM

**തിരഞ്ഞെടുപ്പ് – രാജ്യം**

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾക്കായുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി തുടരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി പൊതുയോഗങ്ങളിലും റോഡ് ഷോകളിലും പങ്കെടുക്കുകയാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഉത്തരാഖണ്ഡിലെത്തി. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി രാജസ്ഥാനിലെ ഫലോടിയിലും, അനുപഗറിലും നടക്കുന്ന രണ്ട് പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും. കേന്ദ്ര ആഭ്യന്തര

മന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ അമിത്ഷായും,
രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങും ഇന്ന് മധ്യപ്രദേശിൽ എൻ.ഡി.എ യ്ക്കായി പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.
യു പിയിൽ ബി എസ പി യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ദേശീയ അധ്യക്ഷ മായാവതി തുടക്കം കുറിക്കും.

*************************************

**നിർദ്ദേശം – തിരഞ്ഞെടുപ്പ് കമ്മീഷൻ**

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ലഘുലേഖകളും മറ്റും അച്ചടിക്കുന്ന പ്രിന്റിങ് യൂണിറ്റുകളുടെയും പ്രസാധകരുടെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം. രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പാക്കാനാണ് കമ്മീഷന്റെ നിർദ്ദേശം.

*************************************

**പ്രധാനമന്ത്രി തിങ്കളാഴ്ച തിരുവനന്തപുരത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി തിങ്കളാഴ്ച തിരുവനന്തപുരത്ത് എത്തും. ലോക് സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാട്ടാക്കടയിൽ നടക്കുന്ന പൊതുസമ്മേളനം ശ്രീ. നരേന്ദ്രമോദി അഭിസംബോധന ചെയ്യും. ബിജെപി ജില്ലാ പ്രസിഡന്റ് വിവി രാജേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചതാണ് ഇക്കാര്യം.

*************************************

**തിരഞ്ഞെടുപ്പ് – സംസ്ഥാനം**

തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായതോടെ സംസ്ഥാനത്ത് മൂന്ന് മുന്നണികളുടെയും പ്രചാരണ പരിപാടികൾ കൂടുതൽ ശക്തിയാർജ്ജിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ

RNU TVPM

ഇന്ന്ആറ്റിങ്ങൽ മണ്ഡലത്തിൽ LDF നായി തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കും. കോഴിക്കോട്ട് മൂന്ന് മുന്നണികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണം വേനൽച്ചൂടിലും ഊർജ്ജിതമായി പുരോഗമിക്കുകയാണ്. UDF സ്ഥാനാർത്ഥി MK രാഘവൻ ഇന്ന് UDYF ൻറെ **'വാക്ക് വിത്ത് MKR'** എന്ന പരിപാടിയിൽ പങ്കെടുക്കും. NDA കോഴിക്കോട് ലോക്സഭാമണ്ഡലം മഹിളാസംഗമം രാവിലെ കേന്ദ്രമന്ത്രി മീനാക്ഷിലേഖി ഉദ്ഘാടനം ചെയ്യു. കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 2,122 ക്യാമറകൾ ഉപയോഗിച്ച് വിപുലമായ നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സുതാര്യവും സുരക്ഷിതവുമായ തെരഞ്ഞെടുപ്പിന്റെ ക്രമീകരണങ്ങളുടെ ഭാഗമായാണ് തത്സമയ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. അതേസമയം, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിലൂടെ വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സഞ്ജയ് കൗൾ അറിയിച്ചു. ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കും.

****************************************

**തിരഞ്ഞെടുപ്പ് – തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിലെ രണ്ടാമത്തെ ലോക്സഭാ മണ്ഡലമായ ആറ്റിങ്ങലിൽ മൂന്ന് മുന്നണികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി തുടരുകയാണ്. സിറ്റിങ് എം പി യും യു ഡി എഫ് സ്ഥാനാർത്ഥിയുമായ അടൂർ പ്രകാശ് ഇന്ന് വർക്കല നിയമസഭാ മണ്ഡലത്തിൽ പര്യടനം നടത്തുകയാണ്. രാവിലെ പ്ലാവഴികത്ത് കോൺഗ്രസ് നേതാവ് വർക്കല കഹാർ പര്യടനം ഉദ്ഘാടനം

RNU TVPM

ചെയ്തു. തുടർന്ന് 50-ഓളം സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് രാത്രി മലവിളയിൽ അടൂർ പ്രകാശിന്റെ പര്യടനം സമാപിക്കും. എൽ ഡി എഫ് സ്ഥാനാർത്ഥി വി ജോയ് യും മണ്ഡലത്തിൽ പര്യടനം തുടരുകയാണ്. രാവിലെ വർക്കല പാലച്ചിറയിൽ നടന്ന പൊതുയോഗം മുഖ്യമന്ത്രി പിണറായി ഉദ്ഘാടനം ചെയ്തു. തുടർന്ന് കാട്ടാക്കട, കന്യാകുളങ്ങര എന്നിവിടങ്ങളിൽ നടക്കുന്ന പൊതുയോഗങ്ങളിലും മുഖ്യമന്ത്രി പങ്കെടുക്കും. എൻ ഡി എ സ്ഥാനാർത്ഥി വി മുരളീധരൻ ഇന്ന് കിളിമാനൂർ മേഖലയിലാണ് പര്യടനം നടത്തുന്നത്.

**************************************

**തിരഞ്ഞെടുപ്പ് – തിരുവനന്തപുരം**

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി വി മുരളീധരന്റെ വാഹന ജാഥ അലങ്കോലപ്പെടുത്താൻ ശ്രമം. ബൈക്കിലെത്തിയ മൂന്നംഗ സംഘമാണ് വാഹനപര്യടനത്തിന് നേരെ അതിക്രമം നടത്തിയത്. ഇന്നലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പകൽക്കുറി കൊട്ടിയംമുക്കിൽ വച്ചാണ് സംഭവം നടന്നത്. ഇതോടെ വാഹന പര്യടനം നിർത്തി വച്ചശേഷം പോലീസ് അകമ്പടിയിലാണ് പ്രചാരണം തുടർന്നത്. അതേസമയം, എൻഡിഎ തിരഞ്ഞെടുപ്പ് പ്രചാരണം അലങ്കോലപ്പെടുത്താൻ സാമൂഹ്യവിരുദ്ധർ നടത്തിയ ശ്രമം അപലപനീയമെന്ന് ആറ്റിങ്ങൽ ലോക് സഭാ മണ്ഡലം എൻ ഡി എ സ്ഥാനാർത്ഥി വി.മുരളീധരൻ പ്രതികരിച്ചു.

**************************************

**കെ സുരേന്ദ്രൻ**

കണ്ണൂർ പാനൂരിലെ ബോംബ് നിർമ്മാണം സംബന്ധിച്ച് ഉന്നതതല അന്വേഷണം ആവശ്യമാണെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. കോഴിക്കോട്

RNU TVPM

വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യം തിരഞ്ഞെടുപ്പ് കമ്മീഷനും ഗൗരവത്തോടെ കാണണമെന്നും അദ്ദേഹം പറഞ്ഞു. ആറ്റിങ്ങലിലെ എൻ ഡി എ സ്ഥാനാർത്ഥിയും കേന്ദ്രസഹമന്ത്രിയുമായ വി മുരളീധരന് നേരെ ഇന്നലെ നടന്ന ആക്രമണ ശ്രമത്തിന് പിന്നിൽ ഡി വൈ എഫ് ഐ പ്രവർത്തകരാണെന്നും ശ്രീ കെ സുരേന്ദ്രൻ ആരോപിച്ചു.

******************************************

**തിരഞ്ഞെടുപ്പ് – തിരുവനന്തപുരം**

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി വി മുരളീധരന്റെ വാഹന ജാഥ അലങ്കോലപ്പെടുത്താൻ ശ്രമം. ബൈക്കിലെത്തിയ മൂന്നംഗ സംഘമാണ് വാഹനപര്യടനത്തിന് നേരെ അതിക്രമം നടത്തിയത്. ഇന്നലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പകൽക്കുറി കൊട്ടിയംമുക്കിൽ വച്ചാണ് സംഭവം നടന്നത്. ഇതോടെ വാഹന പര്യടനം നിർത്തി വച്ചശേഷം പോലീസ് അകമ്പടിയിലാണ് പ്രചാരണം തുടർന്നത്. അതേസമയം, എൻഡിഎ തിരഞ്ഞെടുപ്പ് പ്രചാരണം അലങ്കോലപ്പെടുത്താൻ സാമൂഹ്യവിരുദ്ധർ നടത്തിയ ശ്രമം അപലപനീയമെന്ന് ആറ്റിങ്ങൽ ലോക് സഭാ മണ്ഡലം എൻ ഡി എ സ്ഥാനാർത്ഥി വി.മുരളീധരൻ പ്രതികരിച്ചു.

******************************************

**കണ്ണൂർ പാർലമെന്റ്**

കണ്ണൂർ പാർലമെൻറ് മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി കെ. സുധാകരൻ ഇന്ന് ഇരിക്കൂർ നിയോജകമണ്ഡലത്തി ലാണ് പര്യടനം നടത്തുന്നത്. എൽഡിഎഫ് സ്ഥാനാർത്ഥി എം വി ജയരാജനും ഇന്ന് ഇരിക്കൂർ മണ്ഡലത്തിൽ പര്യടനം നടത്തും. എൻ.ഡി.എ സ്ഥാനാർഥി സി. രഘുനാഥ് മട്ടന്നൂർ നിയമസഭാ

RNU TVPM

മണ്ഡലത്തിൽ പര്യടനം നടത്തും. ചിറ്റാരിപ്പറമ്പിലെ സമാപന പരിപാടി ബി.ജെ.പി സംസ്ഥാന സഹ പ്രഭാരി നളിൻകുമാർ കട്ടിൽ എം.പി ഉദ്ഘാടനം ചെയ്യും.

**************************************

**ഇടുക്കി – വോട്ടിംഗ് യന്ത്രം**

ലോക്സഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അതത് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള വോട്ടിങ് യന്ത്രങ്ങളുടെ വിതരണം ഇടുക്കിയിൽ ഇന്ന് ആരംഭിക്കും. അസിസ്റ്റന്റ് റിട്ടേർണിംഗ് ഓഫീസർമാർ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഏറ്റുവാങ്ങും.

**************************************

**ഇടുക്കി വോട്ടുവണ്ടി-സമ്മാനപ്പെരുമഴ**

തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടിയായ സ്വീപ്പിന്റെ ഭാഗമായി ഇടുക്കി ജില്ലാ ഭരണകൂടം പൊതുജനങ്ങൾക്ക് സമ്മാനങ്ങൾ നൽകുന്നു. തിരഞ്ഞെടുപ്പ് സംബന്ധമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയാൽ കൈനിറയെ സമ്മാനം നേടാം.

**************************************

**ഡബിൾ ഡക്കർ ബസ് – ഇടുക്കി**

തിരഞ്ഞെടുപ്പ് ബോധവത്കരണ പരിപാടിയായ സ്വീപ്പിന്റെ ഭാഗമായി കെഎസ്ആർടിസി യുടെ ഡബിൾ ഡക്കർ ബസ് ഇടുക്കിയിലെത്തും. തിരഞ്ഞെടുപ്പിന്റെ ഊർജ്ജം ജനങ്ങളിലേക്ക് പകരാനായി സ്വീപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'ടസ്കർ ഷീൽഡ്' ന് വേണ്ടിയുള്ള സൗഹൃദ ഫുട്ബോൾ മൽസരം നാളെ ഇടുക്കിയിൽ നടക്കും. ഇടുക്കി ജില്ലാ പൊലീസ് ടീമും കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ ടീമും തമ്മിലാണ് മത്സരം.

**************************************

RNUTVPM

**പരിപ്പ് പയർവർഗ്ഗങ്ങൾ - കേന്ദ്രം**

പരിപ്പിന്റെയും പയർവർഗ്ഗങ്ങളുടെയും പ്രതിവാര സ്റ്റോക്ക് പരിശോധിക്കണമെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. തുറമുഖങ്ങളിലെ വെയർഹൗസുകളിലും, വിതരണക്കാരുടെ ഗോഡൗണുകളിലും പരിശോധന നടത്തണം. സ്റ്റോക്ക് വെളിപ്പെടുത്തൽ പോർട്ടലിൽ തെറ്റായ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതായി കണ്ടെത്തിയവർക്കെതിരെ കർശന നടപടിയെടുക്കാനും നിർദ്ദേശമുണ്ട്. പൂഴ്ത്തിവെപ്പും വിപണി കൃത്രിമവും തടയുന്നതിന് പയറുവർഗങ്ങളുടെ സ്റ്റോക്ക് പൊസിഷനിലും വിലനിലവാരത്തിലും കൂടുതൽ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകത ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ഉന്നതതല യോഗത്തിൽ ചർച്ച ചെയ്തു.

**************************************

**താപനില – സംസ്ഥാനം**

സംസ്ഥാനത്ത് വരും ദിവസങ്ങളിലും താപനില ഉയരുമെന്ന് കാലാവസ്ഥാ വകുപ്പ്. കൊല്ലത്ത് 40 ഡിഗ്രി സെൽഷ്യസ് വരെയും, തൃശൂരിൽ 39 ഡിഗ്രി വരെയും, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കും.

**************************************

**ദേശീയ സുരക്ഷിത മാതൃത്വ ദിനം**

ഇന്ന് ദേശീയ സുരക്ഷിത മാതൃത്വ ദിനം. **മാതൃ ആരോഗ്യ സംരക്ഷണത്തിൽ തുല്യത, ഒരു അമ്മയും തഴയപ്പെടരുത്** എന്നതാണ് ഇത്തവണത്തെ സന്ദേശം. മാതൃ ആരോഗ്യ സംരക്ഷണത്തിലൂടെ മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സംഘടനയായ, വൈറ്റ് റിബൺ

RNU TVPM

അലയൻസ് ഇന്ത്യ- മുന്നോട്ടുവച്ച നിർദ്ദേശം പരിഗണിച്ച് 2003-ലാണ് ഏപ്രിൽ 11 ദേശീയ സുരക്ഷിത മാതൃത്വ ദിനമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. സ്ത്രീകൾക്ക് അവരുടെ ഗർഭകാലത്തും പ്രസവശേഷവും, മെച്ചപ്പെട്ട പരിചരണവും വൈദ്യസഹായവും നൽകുക എന്നതാണ് ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം.

**************************************

**മണ്ഡലങ്ങളിലൂടെ, മലപ്പുറം – (ഇൻട്രോ)**

മലപ്പുറം ജില്ലയിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമാക്കിയിരിക്കുയാണ് മൂന്ന് മുന്നണികളും. മത്സര ചിത്രം തെളിഞ്ഞതോടെ തിരഞ്ഞെടുപ്പ് കൺവെൻഷനുകളിലും കുടുംബയോഗങ്ങളിലും പങ്കെടുത്ത് വോട്ടഭ്യർത്ഥിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...**

**(വോയിസ് ......)**

**************************************

**ഐ പി എൽ**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി.

**************************************

RNU TVPM

**ബാഡ്മിന്റൺ**

ഏഷ്യാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ H S പ്രണോയ് ഇന്ന് തായ് വാന്റെ,
ലിൻ ചുൻ-യി- യെ നേരിടും. വനിതാ ഡബിൾസിൽ
അശ്വിനി പൊന്നപ്പ- തനിഷ കാസ്ട്രോ സഖ്യം ഇന്ന് ജാപ്പനീസ് ജോഡിയെ നേരിടും.

**************************************

**ശബരിമല**

മേട മാസപൂജകൾക്കും വിഷു പൂജകൾക്കുമായി ശബരിമല നട ഇന്നലെ തുറന്നു. ഇന്ന് പുലർച്ചെ പതിവു പൂജകൾ ആരംഭിച്ചു.

RNU TVPM

**************************************

************************************

*********************